4067
15/10/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കേരളത്തിന്റെ പ്രളയക്കെടുതിയിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് കന്യാകുമാരി മുതൽ കാശ്മീർ വരെ സോളോ ബൈക്ക് റൈഡ് നടത്തുന്നതിനിടെ മദ്ധ്യപ്രദേശിൽ വച്ച് വാഹനാപകടത്തിൽപ്പെട്ട് പരിക്കേറ്റ സ്വാതി ഷാ എന്ന വിദ്യാർത്ഥിയെ ചികിത്സയ്ക്കായി ന്യൂഡൽഹിയിലെ എയിംസ് ആശുപത്രിയിലേക്ക് മാറ്റുന്നതിന് എയർ ആംബുലൻസിന്റെ സേവനം ഉപയോഗപ്പെടുത്താനും ആയതിനുള്ള ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചും ഉത്തരവു പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.( സാധാ) നം: 4255 /2018 /റവ. തിരുവനന്തപുരം, തീയതി, 12.10.2018.

---

പരാമർശം- 05/10/2018-ലെ ജി.18100641/സിഎം.ഒ.നമ്പർ കുറിപ്പ്

ഉത്തരവ്

കേരളത്തിന്റെ പ്രളയക്കെടുതിയിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് കന്യാകുമാരി മുതൽ കാശ്മീർ വരെ സോളോ ബൈക്ക് റൈഡ് നടത്തുന്നതിനിടെ മദ്ധ്യപ്രദേശിൽ വച്ച് വാഹനാപകടത്തിൽപ്പെട്ട് പരിക്കേറ്റ് ഗ്വാളിയാറിലെ ബിർള ആശുപത്രയിൽ ചികിത്സയിൽ തുടരുന്ന സ്വാതി ഷാ എന്ന വിദ്യാർത്ഥിയെ ചികിത്സയ്ക്കായി ന്യൂഡൽഹിയിലെ എയിംസ് ആശുപത്രിയിലേക്ക് മാറ്റുന്നതിന്(ഇരു ആശുപത്രികളിലെയും ചികിത്സകർ അനുവദിക്കുന്ന പക്ഷം) എയർ ആംബുലൻസിന്റെ സേവനം ഉപയോഗപ്പെടുത്താനും ആയതിനുള്ള ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു. ആയതിനു വേണ്ട തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതും ടി ആവശ്യത്തിലേക്ക് ചെലവായ തുക കണക്കാക്കി സർക്കാരിനു സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതുമാണ്..

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്.കുര്യൻ,

അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്, മാനവീയം തെരുവിടം കൾച്ചർ കളക്ടീവ്, മാനവീയം സ്ട്രീറ്റ് ലൈബ്രറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
സഹകരണ-ടൂറിസംവകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ ( എ) വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി;

ഉത്തരവിൻ പ്രകാരം

Sunitha.A.S.

സെക്ഷൻ ഓഫീസർ